കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ഗോകുൽ എസ്-ന്റെ 23.08.2013 മുതൽ 09.12.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.**3551/ 2015**/തസ്വഭവ　　　　തീയതി, തിരുവനന്തപുരം,**28/11/2015**

---

പരാമർശം: 1) ശ്രീ. ഗോകുൽ. എസ് സമർപ്പിച്ച 20.11.2013 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 23.06.2015 ലെ ഇ 6-6764/15 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക്ശ്രീ. ഗോകുൽ എസ്-ന് 23.08.2013 മുതൽ 09.12.2013 വരെ (109 ദിവസം) മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

ശ്രീ ഗോകുൽ.എസ് 01.02.2013 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ അവധി ക്കാലയളവിന് ശേഷമാണ് അവധിയപേക്ഷ സമർപ്പിച്ചതെന്നും ടിയാനെതിരെ അച്ചടക്ക നടപടിയൊന്നും സ്വീകരിച്ചിരുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ ഗോകുൽ എസ്-ന് 23.08.2013 മുതൽ 09.12.2013 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (ii) ൽ ഇളവു വരുത്തി ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, വിളപ്പിൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ. ഗോകുൽ എസ്, ക്ലാർക്ക്, വിളപ്പിൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ